**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 205** **12-01-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തീരദേശപരിപാലനനിയമവുമായി ബന്ധപ്പെട്ട് ദൂരപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ട് 2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം തീരദേശപ്ലാൻ തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan – CZMP) തയ്യാറാക്കുന്നതിന് 20.08.2019 ലെ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (National Centre for Earth Science Studies) ചുമതലപ്പെടുത്തി. തുടർന്ന് തിരുവനന്തപുരം, കൊല്ലം, കാസർഗോഡ്, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത കരട് മാപ്പിന്മേലുള്ള പബ്ലിക് ഹിയറിംഗ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളുടെ കരട് മാപ്പിന്മേലുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ തിരുത്തലുകൾ കേന്ദ്ര ഭൗമശാസ്ത്രപഠന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. തിരുത്തലുകൾ ഉൾപ്പെ-ടുത്തിയ എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളുടെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര ഭൗമശാസ്ത്രപഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് ഉടൻ തന്നെ നൽകുമെന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ